# Deepika
# 27 August 2018
# Thiruvananthapuram; Flood Relief Fund

## വീട്ടിൽ വെള്ളംകയറിയ കുടുംബങ്ങൾക്ക് 10,000 രൂപ

# ഉത്തരവ് ഇറക്കി

**തിരുവനന്തപുരം:** രണ്ടു ദിവസത്തിൽ അധികം വെള്ളം കെട്ടിനിന്നതോ മണ്ണിടിച്ചിൽ അടക്കമുള്ള കാരണങ്ങളാൽ വീട് വാസയോഗ്യമല്ലാതാകുകയോ ചെയ്ത ഓരോ കുടുംബത്തിനും ഒറ്റത്തവണ ആശ്വാസ ധനസഹായമായി 10,000 രൂപ അനുവദിക്കാൻ സർക്കാർ ഉത്തരവ്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 3800 രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 6200 രൂപയും നൽകാൻ റവന്യു, ദുരന്ത നിവാരണ വകുപ്പുകൾ പുറത്തിറക്കിയ ഉത്തരവിൽ പറയുന്നു.

പ്രളയക്കെടുതിയിൽപ്പെട്ടവർ വീടുകളിലേക്കു മടങ്ങുമ്പോൾ 10,000 രൂപ വീതം നൽകുമെന്നു മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടും പലയിടത്തും തുക ലഭിക്കുന്നില്ലെന്ന പരാതി ഉയർന്നതിനെത്തുടർന്നാണ് ഉത്തരവിറക്കിയത്. പ്രളയബാധിതമായി പ്രഖ്യാപിച്ച 452 വില്ലേജുകളിലുള്ളവർക്കു തുക ലഭിക്കും. പൂർണമായി തകർന്നതോ വാസയോഗ്യമല്ലാതാകുകയോ ചെയ്ത വീടിന് നാലു ലക്ഷം രൂപ വീതവും വീടും സ്ഥലവും നഷ്ടമായവർക്ക് സ്ഥലം വാങ്ങാൻ പരമാവധി ആറു ലക്ഷം രൂപ അടക്കം പത്തു ലക്ഷം രൂപയും ലഭ്യമാക്കും. മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടമായ മത്സ്യത്തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നു തുക ലഭ്യമാക്കും.

നഷ്ടപ്പെട്ട രേഖകൾ ലഭ്യമാക്കാൻ കാലതാമസം കൂടാതെ തദ്ദേശ സ്ഥാപനങ്ങൾ അദാലത്തുകൾ സംഘടിപ്പിക്കണം. ഇതിനായി യാതൊരു ഫീസും വാങ്ങാൻ പാടില്ല. രേഖകൾ നഷ്ടമായവർ സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ പ്രത്യേക അപേക്ഷാഫോം ഓൺലൈൻ വഴി പൂരിപ്പിച്ചു നൽകണം. വീടു നഷ്ടമായവർ പ്രത്യേക അപേക്ഷാ ഫോം പൂരിപ്പിച്ചു നൽകേണ്ടതില്ല. ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ അക്ഷയ കേന്ദ്രങ്ങൾ പ്രത്യേക ഫീസ് ഈടാക്കാൻ പാടില്ല. സെപ്റ്റംബർ 30നകം രേഖകൾ നൽകണം.

കാലവർഷക്കെടുതിയിലും ഉരുൾപൊട്ടലിലും പരിക്കേറ്റവർക്കു സൗജന്യ ചികിത്സ നൽകണം. ഇതിനുള്ള നടപടി കളക്ടർമാർ സ്വീകരിക്കണം. ഓണാഘോഷ പരിപാടികൾക്കായി വിവിധ വകുപ്പുകൾക്കായി നീക്കിവച്ച തുക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കണമെന്നും റവന്യു അഡീഷണൽ ചീഫ് സെക്രട്ടറി പി.എച്ച്. കുര്യൻ പുറത്തിറക്കിയ ഉത്തരവിൽ പറയുന്നു.

പ്രളയബാധിതമായി പ്രഖ്യാപിച്ച ഓരോ ജില്ലയിലെയും വില്ലേജുകളുടെ എണ്ണം ചുവടെ: ആലപ്പുഴ- 93, കോട്ടയം- 100, വയനാട്, ഇടുക്കി ജില്ലകളിലെ മുഴുവൻ വില്ലേജുകളും പ്രളയബാധിതമാണ്. പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിലെ മുഴുവൻ വില്ലേജുകളും എറണാകുളം ജില്ലയിലെ ആലുവ, പറവൂർ താലൂക്കുകളിലെ മുഴുവൻ വില്ലേജുകളും ഇതിൽ പെടും.

**പ്രളയക്കെടുതിയുമായി ബന്ധപ്പെട്ടു ചുമതലയുള്ള മന്ത്രിമാർ:** തിരുവനന്തപുരം- കടകംപള്ളി സുരേന്ദ്രൻ, കൊല്ലം- ജെ. മേഴ്സിക്കുട്ടിയമ്മ, പത്തനംതിട്ട- മാത്യു ടി. തോമസ്, ആലപ്പുഴ- ജി. സുധാകരൻ, കോട്ടയം- കെ. രാജു, ഇടുക്കി- എം.എം. മണി, എറണാകുളം- സി. രവീന്ദ്രനാഥ്, തൃശൂർ- എ.സി. മൊയ്തീൻ, പാലക്കാട്- എ.കെ. ബാലൻ, മലപ്പുറം- കെ.ടി. ജലീൽ, കോഴിക്കോട്- ടി.പി. രാമകൃഷ്ണൻ, വയനാട്- കടന്നപ്പള്ളി രാമചന്ദ്രൻ, കണ്ണൂർ- കെ.കെ. ശൈലജ, കാസർഗോഡ്- ഇ. ചന്ദ്രശേഖരൻ.

കോൺഗ്രസിന് ഒമ്പതംഗ